# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1506** **15.06.2012 ൽ മറുപടിക്ക്**

**ഗ്രാമപഞ്ചായത്തിലെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥകർക്ക് യാത്രാബത്ത**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. കെ. വിജയൻ : | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥകർക്കും ഇതര വകുപ്പിലെ ജീവനക്കാർക്കും പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് നടത്തുന്ന യാത്രകൾക്കും, പരിശീലന പരിപാടികൾക്കും പഞ്ചായത്തിൽ നിന്ന് യാത്രാബത്ത നൽകുന്നതിന് വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് നടത്തുന്ന യാത്രകൾക്കും, പരിശീലന പരിപാടികൾക്കും ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും യാത്രാബത്ത നൽകിവരുന്നുണ്ട്. മറ്റു വകുപ്പുകളിൽ പ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അതാത് വകുപ്പുകളിൽ നിന്നാണ് യാത്രാബത്ത നൽകി വരുന്നത്. അവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും യാത്രാബത്ത നൽകുന്നതിന് വ്യവസ്ഥയില്ല. |
| (ബി) ടി.എ. നൽകാത്തത് പദ്ധതി പ്രവർത്തനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി.എ. നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ? | (ബി) ഗ്രാമ പഞ്ചായത്തിൽ നിന്നും യാത്രാബത്ത നൽകാത്തതു കാരണം പദ്ധതി പ്രവർത്തനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ